# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2430** | **18/7/2011** -ൽ മറുപടിക്ക്

## തെങ്ങുകയറ്റ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീമതി. കെ.എസ്.സലീഖ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തെങ്ങ് കയറ്റ തൊഴിലാളികളുടെ അപര്യാപ്തത പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) തെങ്ങ് കയറ്റ തൊഴിലാളികളുടെ അപര്യാപ്തതയ്ക്ക് നിലവിലുള്ള കുറഞ്ഞ കൂലി നിരക്ക് ഒരു പ്രധാന കാരണമായതിനാൽ ഇവരുടെ മിനിമം കൂലി വർദ്ധിപ്പിക്കുന്നതിനായി സർക്കാർ നടപടി സ്വീകരിക്കുകയും ഇതു സംബന്ധിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. തെങ്ങു കയറ്റ തൊഴിലാളികൾ കർഷക തൊഴിലാളികളുടെ നിർവ്വചനത്തിൽ പെടുന്നതുകൊണ്ട് കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുക്കാവുന്നതാണ്. കേരള അസംഘടിത തൊഴിലാളി ക്ഷേമ പെൻഷൻ പദ്ധതിയിൽ മരം കയറ്റ തൊഴിലാളികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തെങ്ങ് കയറ്റ തൊഴിലാളികൾക്ക് 1991-ലെ കേരള കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിലും അംഗമാകാവുന്നതാണ്. എന്നാൽ രണ്ട് ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ അവകാശമുണ്ടായിരിക്കുകയില്ല. തെങ്ങു കയറ്റ |

| | | | |
|---|---|---|---|
| | | | തൊഴിലിനിടയിൽ, അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് 25,000/- രൂപയും (ഇരുപത്തി അയ്യായിരം രൂപാ മാത്രം) മരണമടയുന്നവരുടെ ആശ്രിതർക്ക് 50,000/- രൂപയും (അമ്പതിനായിരം രൂപാ മാത്രം) എക്സ്-ഗ്രേഷ്യാ ധനസഹായമായി നൽകുന്നുണ്ട്. |
| (ബി) | തെങ്ങുകയറ്റ തൊഴിലാളികൾക്ക് യാതൊരു ആനുകൂല്യവും ലഭിക്കാത്തതുമൂലം തൊഴിൽ ഉപേക്ഷിച്ചുപോകുന്ന സാഹചര്യം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | തെങ്ങുകയറ്റ തൊഴിലാളികൾക്ക് യാതൊരു ആനുകൂല്യവും ലഭിക്കാത്തതുമൂലം തൊഴിൽ ഉപേക്ഷിച്ചുപോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ